**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6020** **09-11-2021 - ൽ മറുപടിയ്ക്ക്**

**മലബാർ ദേവസ്വം ബോർഡിന്റെ പ്രതിമാസ സാമ്പത്തിക സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | മലബാർ ദേവസ്വം ബോർഡ് വഴി ആചാരസ്ഥാനീയർക്കും കോലധാരികൾക്കും നൽകുന്ന പ്രതിമാസ സാമ്പത്തിക സഹായം മുടങ്ങുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | ഉത്തര മലബാറിലെ ആചാരസ്ഥാനികർക്കും കോലധാരികൾക്കും മലബാർ ദേവസ്വം ബോർഡ് മുഖേന നൽകി വരുന്ന പ്രതിമാസ സാമ്പത്തിക സഹായ പദ്ധതിയനുസരിച്ച് 1811 ആചാരസ്ഥാനികൾക്കും 397 കോലധാരികൾക്കും ചേർത്ത് ആകെ 2208 പേർക്ക് പ്രതിമാസം 1400/- രൂപ നിരക്കിൽ ധനസഹായം അനുവദിച്ചു വരുന്നു. ഇപ്രകാരം പ്രതിമാസ വേതനം അനുവദിക്കുന്നതിന്, ബഡ്ജറ്റ് അലോട്ട്മെന്റായി പ്രതിവർഷം 1.25 കോടി രൂപ അനുവദിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത ആവശ്യത്തിന് ഒരു വർഷം ആകെ 3,70,94,400/- രൂപ വേണ്ടി വരും. ബഡ്ജറ്റ് അലോട്ടമെന്റിനേക്കാൾ അധികമായി 2,45,94,400/- രൂപ വേണ്ടി വരുന്നതിനാലാണ് ആചാരസ്ഥാനികർ/ കോലധാരികൾക്കുള്ള പ്രതിമാസ ധനസഹായം കൃത്യമായി നൽകാൻ സാധിക്കാതെ വരുന്നത്. 2020-21 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായ 1.25 കോടി രൂപയ്ക്ക് പുറമേ 2,39,32,000/- രൂപ കൂടി അധിക ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ടി സാമ്പത്തിക വർഷം കുടിശ്ശികയുൾപ്പെടെ പൂർണ്ണമായും ധനസഹായം വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്.<br>2021-22 സാമ്പത്തിക വർഷം, ബഡ്ജറ്റ് വിഹിതമായ 1.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | മേൽപ്പറഞ്ഞവർക്ക് നിലവിൽ ഓണം, വിഷു കാലയളവുകളിൽ നൽകുന്ന ധനസഹായം പ്രതിമാസം നൽകാൻ നടപടി സ്വീകരിക്കുമോ? | (ബി) | അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും 1400/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നതിന് ഒരു വർഷം 3.70 കോടി രൂപയെങ്കിലും ആവശ്യമായിട്ടുണ്ട്. ആയതിനാൽ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിച്ചാൽ മാത്രമേ ധനസഹായ വിതരണം യഥാസമയം നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ